# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 3826 – 21/06/2019 - ലെ മറുപടിക്ക്

### കഴിഞ്ഞ സാമ്പത്തിക വർഷം

### പാസാക്കാതെ മാറ്റിവച്ച ബില്ലുകളും ചെക്കുകളും

**ചോദ്യം**

ശ്രീ. കെ. എൻ. എ ഖാദർ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. പി. കെ.ബഷീർ

**ഉത്തരം**

ഡോ. ടി. എം. തോമസ് ഐസക്

(ധനകാര്യവും കയറും വകുപ്പമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | കഴിഞ്ഞ സാമ്പത്തിക വർഷം പാസാക്കാതെ മാറ്റിവച്ച ബില്ലുകളും ചെക്കുകളും ഈ വർഷം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | കഴിഞ്ഞ സാമ്പത്തിക വർഷാവസാനം വൈകി സമർപ്പിച്ച ബില്ലുകളും ചെക്കുകളും ആ സാമ്പത്തിക വർഷം തന്നെ പൂർണ്ണമായും മാറി നൽകാൻ കഴിയാത്ത സാഹചര്യം സംജാതമായിരുന്നു. പ്രസ്തുത ബില്ലുകൾ നടപ്പ് സാമ്പത്തിക വർഷം മാറി നൽകുന്നതിലേക്കായി ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തുകയും അപ്രകാരം ട്രഷറി ക്യൂവിൽ ഉൾപ്പെട്ട ബില്ലുകളും ചെക്കുകളും നടപ്പ് സാമ്പത്തിക വർഷം മാറി നൽകുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ 10.04.2019 ലെ സർക്കുലർ നം.31/2019/ധന മുഖേന പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളതാണ്. |
| (ബി) | അഞ്ചു ലക്ഷം രൂപയിൽ അധികരിച്ച എല്ലാ ബില്ലുകളും സാമ്പത്തിക വർഷാവസാനത്തെ പ്രതിസന്ധി കാരണം ട്രഷറി ക്യൂവിലേക്ക് മാറ്റിയത് ഈ സാമ്പത്തിക വർഷം കൊടുക്കുന്നതിനായി വകുപ്പുകൾക്ക് ആനുപാതികമായി കൂടുതൽ തുക അനുവദിച്ചിട്ടുണ്ടോ; ഇതിനായി കൊണ്ടുവന്ന ഇ-ലെഡ്ജർ സംവിധാനം ഉപയോഗിക്കുന്നുണ്ടോ; | തിരക്ക് കണക്കിലെടുത്ത് ട്രഷറികളിൽ സാമ്പത്തികവർഷാവസാനത്തെ ക്രയ - വിക്രയങ്ങൾ സുഗമമാക്കുന്നതിന് പര്യാപ്തമായ ക്രമീകരണങ്ങൾ കാലാകാലങ്ങളായി നടപ്പിലാക്കിവരുന്നുണ്ട് . ഇതിന്റെ ഭാഗമായി ബില്ലുകൾ ഒരു നിശ്ചിത സമയപരിധിക്കുള്ളിൽ സമർപ്പിക്കുവാൻ നിഷ്കർഷിച്ചു പോരാറുണ്ട് . കഴിഞ്ഞ സാമ്പത്തിക വർഷവും ട്രഷറികളുടെ തിരക്ക് നിയന്ത്രിക്കുന്നതിന് ഉതകുന്ന |

| | | |
|---|---|---|
| | | നിർദ്ദേശങ്ങൾ സർക്കാർ 23.03.2019 ലെ 27/ 2019/ധന നമ്പർ സർക്കുലർ മുഖാന്തിരം പുറപ്പെടുവിച്ചിരുന്നു.<br><br>നിശ്ചിത സമയപരിധിക്ക് ശേഷം വൈകി (30/03/2019 ന് 5 മണി വരെ) ട്രഷറികളിൽ സമർപ്പിച്ചിട്ടുള്ളതും എന്നാൽ ടി സാമ്പത്തിക വർഷത്തിൽ പാസ്സാക്കാൻ സാധിക്കാത്തതുമായ എല്ലാ ബില്ലുകളും ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തിയിരുന്നു. ഇപ്രകാരം ട്രഷറി ക്യൂവിൽ ഉൾപ്പെട്ട ബില്ലുകൾ നടപ്പ് സാമ്പത്തിക വർഷം മാറുന്നതിന് ഡി.ഡി.ഒ-മാർ പാലിക്കേണ്ട വിശദമായ നടപടിക്രമം 10/04/2019 ലെ 31/2019/ധന. നമ്പർ സർക്കുലറിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ നടപടിക്രമം പാലിച്ച് ട്രഷറിയിൽ സമർപ്പിക്കുന്ന ബില്ലുകൾ നടപ്പ് സാമ്പത്തിക വർഷത്തിൽ ട്രഷറിയിൽ നിന്നും പാസ്സാക്കി നൽകി വരുന്നുണ്ട്. ഇ-ലെഡ്ജർ സംവിധാനം ട്രഷറി ക്യൂവിലുള്ള ബില്ലുകൾ ക്ലിയർ ചെയ്യുന്നതുമായി ബന്ധപ്പെട്ടതല്ല. |
| (സി) | ഇപ്രകാരം അധിക തുക വകയിരുത്താത്തപക്ഷം വകുപ്പുകളുടെ ഈ വർഷത്തെ വിഹിതത്തിൽ നിന്ന് മേൽപ്പറഞ്ഞ തുക കുറവാകുകയില്ലേ; ഇത് വികസന പ്രവർത്തനങ്ങളെ ബാധിക്കുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തുന്ന ബില്ലുകൾ അടുത്ത സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്ന് മാത്രമേ അനുവദിക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് അപ്രകാരമുള്ള ബില്ലുകൾ അടുത്ത സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നും മാറി നൽകുന്നത് വർഷങ്ങളായി അനുവർത്തിച്ച് പോരുന്ന നടപടിയാണ്. ആയത് ഈ വർഷവും തുടർന്നുവന്നുയെന്നേയുള്ളൂ. |

സെക്ഷൻ ഓഫീസർ